# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1374**

**15-06-2012 ൽ മറുപടിയ്ക്ക്**

## നെൽകൃഷിക്ക് പ്രോത്സാഹനം

**ചോദ്യം**

ശ്രീ.കെ.രാജു.

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നെൽകർഷകർക്ക് ഉൽപാദന ബോണസായി ഇപ്പോൾ ഹെക്ടറിന് എത്ര രൂപ നിരക്കിലാണ് ആനുകൂല്യം നൽകുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് നെൽകർഷകർക്ക് ഉൽപാദന ബോണസായി ഇപ്പോൾ ഹെക്ടറിന് 350 രൂപ നിരക്കിലാണ് ആനുകൂല്യം നല്കുന്നത്. |
| (ബി) | പ്രസ്തുത തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; സംസ്ഥാനത്ത് നെൽകൃഷിക്ക് പ്രോൽസാഹനം നൽകുന്ന എന്തൊക്കെ പദ്ധതികളാണ് നിലവിൽ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | കർഷകർക്ക് നെൽകൃഷിക്ക് നല്കി വരുന്ന ഉല്പാദനബോണസ് ഹെക്ടറിന് 1000 രൂപയായി വർദ്ധിപ്പിക്കുന്ന കാര്യം സജീവ പരിഗണനയിലാണ്. സംസ്ഥാനത്ത് 2012-13 വർഷം നെൽകൃഷിക്ക് പ്രോത്സാഹനം നല്കുന്നതിന് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. പദ്ധതികളുടെ പ്രവർത്തനം പ്രാരംഭ ഘട്ടത്തിലാണ്. |

| പദ്ധതിയുടെ പേര് | സംസ്ഥാന ബഡ്ജറ്റിൽ വകയിരിത്തിയിരിക്കുന്ന തുക |
|---|---|
| 1. ഗ്രൂപ്പ്ഫാമിംഗ് പ്രോത്സാഹനം | 2700 ലക്ഷം |
| 2. നെൽകൃഷി വികസന ഏജൻസികളുള്ള സഹായം | 150 ലക്ഷം |
| 3. കര നെൽകൃഷി | 250 ലക്ഷം |
| 4. നൂതന സാങ്കേതിക വിദ്യകളുടെ ഡമോൺസ്ട്രേഷനുകൾ | 100 ലക്ഷം |
| 5. പി.പി.പി. എസ്.ആർ. ഐ പദ്ധതി | 1550 ലക്ഷം |
| 6. നെല്ലിനങ്ങളുടെ പ്രോത്സാഹനം | 100 ലക്ഷം |
| 7. മാക്രോ മാനേജ്മെന്റ് നെൽകൃഷി വികസനം | 700 ലക്ഷം |
| 8. ഉല്പാദന ബോണസ് | 1138.5 ലക്ഷം |
| 9. നെല്ല് സംഭരണം | 7500.00 ലക്ഷം |
| 10. ഉയർന്ന ഉല്പാദനക്ഷമത കൈവരിക്കുന്നതിനുള്ള പദ്ധതി | 100.00 ലക്ഷം |

| | | | |
|---|---|---|---|
| (സി) | ഗ്രൂപ്പ്ഫാമിംഗ് സമ്പ്രദായം നെൽകൃഷിയിൽ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ? | (സി) | ഉണ്ട് |

സെക്ഷൻ ഓഫീസർ